www.malankaralibrary.com

ഒക്ടോബർ
2022
ലക്കം 9

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



www.malankaralibrary.com

# എഡിറ്റോറിയൽ



അസ്സീസിയുടെ തെരുവീഥികളിൽ അനേകം പേർക്ക് ക്രിസ്തുവിനെ പകർന്നു നൽകിയ പുണ്യവാനാണ് വിശുദ്ധ ഫ്രാൻസിസ് അസ്സീസി. എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥൻ. തനിക്ക് ഉണ്ടായിരുന്ന സർവ്വവും ഉപേക്ഷിച്ച് ക്രിസ്തുവിന് വേണ്ടി അവൻ ഇറങ്ങിത്തിരിച്ചപ്പോൾ ലോകം അദ്ദേഹത്തെ രണ്ടാം ക്രിസ്തുവെന്നും പരിശുദ്ധ സഭ വിശുദ്ധ ഗണത്തിലേക്കും ഫ്രാൻസിസിനെ ഉയർത്തി. പക്ഷികളോടും മൃഗങ്ങളോടും കല്ലുകളോടും സുവിശേഷം പ്രഘോഷിച്ച മറ്റധികം പേരെ നമുക്ക് കാണുവാനായിട്ട് സാധിക്കുകയില്ല.

യുവത്വത്തിന്റെ ആഘോഷങ്ങൾക്കും ആരവങ്ങൾക്കും ഇടയിൽ നിന്നുകൊണ്ട് ക്രിസ്തുവിനെ കണ്ടെത്തുവാൻ ഒരു ചെറുപ്പക്കാരൻ ഇറങ്ങിത്തിരിച്ചപ്പോൾ അവിടെ പിറവിയെടുത്തതും മറ്റൊരു ചരിത്രമാണ്. ദൈവസ്നേഹത്തിന്റെ പുതുചരിത്രം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയൊന്നാകെ ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച യുവജന ദിനമായി ആചരിക്കുകയും പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആനന്ദപള്ളിയിൽ മലങ്കര സഭയുടെ യുവജന സഭ ഒത്തുചേർന്നപ്പോൾ കുറിക്കപ്പെട്ടത് മറ്റൊരു ചരിത്രമാണ്. യുവജനസഭ ഒന്നാകെ ആവേശത്തോടെയും ആരവത്തോടെയും ഹെസദിനെ വരവേറ്റപ്പോൾ നമ്മുടെ പ്രസ്ഥാനത്തിന്റെ വിശ്വാസവും ശക്തിയും അനേകം പേരിലേക്ക് പകർന്നു നൽകുവാൻ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പോലെ നമുക്കും സാധിച്ചു എന്നത് സന്തോഷം നൽകുന്ന കാര്യമാണ്.

ഈ വിശുദ്ധനെപ്പോലെ പോലെ മറ്റുള്ളവരിലേക്കും ക്രിസ്തുവിനെയും സുവിശേഷത്തിന്റെ വെളിച്ചവും പകർന്നു നൽകുവാനുള്ള ഉത്തരവാദിത്വം ഈ യുവജന ദിനത്തിൽ നമ്മിലേക്ക് പകർന്നു നൽകപ്പെടുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പോലെ ലോകം മുഴുവനും ക്രിസ്തുവിന് സുവിശേഷം പകർന്നു നൽകുവാൻ ഈ കർമ്മവീഥിയിൽ നമുക്ക് ഇറങ്ങിത്തിരിക്കാം. മാറ്റേണ്ടവയെ മാറ്റുവാനും മാറ്റപ്പെടാത്തവയോട് പൊരുത്തപ്പെടുവാനും നമുക്ക് സാധിക്കട്ടെ.

എല്ലാ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്കും യുവജന ദിനത്തിന്റെ മംഗളങ്ങൾ നേരുന്നു

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ക്രിസ്തുവിനുവേണ്ടി പടപൊരുതാൻ ഇറങ്ങിത്തിരിച്ച ഒരുപറ്റം യുവജന നിരയാണ് ഇന്നത്തെ ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ സാക്ഷ്യം. ഒരുമയുടെ മടുത്തട്ടിൽ നിന്നുകൊണ്ട് പരസ്പരം സ്നേഹിച്ചും സഹായിച്ചും യുവജനങ്ങൾ സഹയാത്രികരാണ് എന്ന ഉത്തമ ബോധ്യത്തിന്റെ പേരിൽ സഭാ സാമൂഹിക വിഷയങ്ങളെ തന്മയത്വത്തോടെ കൈകാര്യം ചെയ്യാൻ, പ്രതിബദ്ധതയിലൂന്നിയ വിശ്വാസത്തിൽ മുന്നേറുവാൻ, വരുംതലമുറയെ ക്രിസ്തുവിനോട് ചേർത്ത് വളർത്തുവാനും വാർത്തെടുക്കുവാനും യുവജന കുടുംബം എടുക്കുന്ന വലിയ തീക്ഷ്ണതയുടെ പ്രതിഫലനമാണ് യുവജന ദിനാഘോഷം. വിശുദ്ധ ഫ്രാൻസിസ് അസ്സീസി പ്രകൃതിയെ സ്നേഹിച്ചിരുന്ന ക്രിസ്തുവിന്റെ കൂട്ടുകാരനായിരുന്നു. ആ പുണ്യവാന്റെ പാത പിന്തുടരുവാൻ ഓരോ യുവജനങ്ങളും കാലഘട്ടത്തിനനുസരിച്ച് ജീവിതശൈലികളെ മാറ്റുമ്പോൾ ഒരു യുവതി എന്ന നിലയിൽ സഭയുടെ മടിത്തട്ടിൽ നിന്ന് കിട്ടുന്ന സ്നേഹത്തിന്റെ ആഴം യുവജന കുടുംബത്തിൽ നിന്ന് തിരിച്ചറിയുവാൻ സാധിക്കുന്നുണ്ട്.

നമ്മൾ ക്രിസ്തുവിനു വേണ്ടി വിളിക്കപ്പെട്ടവരാണ്. അവന്റെ ശുശ്രൂഷയിലേക്ക് ചേർത്തുവയ്ക്കാനുള്ള നിയോഗം നമുക്കുണ്ട്. സമൂഹത്തിൽ മാറ്റിനിർത്തപ്പെടുന്നവനെ ഒന്നിച്ച് ചേർക്കാനും ഒറ്റപ്പെടുന്നവന്റെ കൂട്ടുകാരനാകാനും വേദനിക്കുന്നവന് ആശ്വാസത്തിന്റെ സാന്നിധ്യം നൽകുവാനും ക്രിസ്തു നമ്മെ പഠിപ്പിച്ച വലിയ മാതൃക നമ്മുടെ യുവജന യാത്രയ്ക്ക് ശക്തിപകരട്ടെ. യുവജന ദിനത്തിന്റെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# ബത്തേരിയുടെ ഇടയന് സപ്തതി ആശംസകൾ...



**റോബിൻ ജോസഫ്**
സെക്രട്ടറി, സഭാതലസമിതി

ബത്തേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ രക്ഷാധികാരി അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവിന് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സ്നേഹപൂർവമായ സപ്തതി ആശംസകൾ....

1952 ഏപ്രിൽ 20 ന് പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയിൽ കോന്നത് വീട്ടിൽ തോമസ് ശോശാമ്മ ദമ്പതികളുടെ എട്ട് മക്കളിൽ ആറാമനായി ജനിച്ച് ചെറുപ്പത്തിൽ തന്നെ ദൈവത്തോടും ദൈവാലയ ശുശ്രൂഷകളോടും ആഴമായ താൽപര്യത്തിൽ വളർന്നു. 1968 ജൂൺ 10 ന് വൈദിക പരിശീലനം ആരംഭിച്ച് 1968 ഡിസംബർ 23 ന് വൈദികനായി. ഇടവക വികാരിയായും ദൈവാലയ സ്ഥാപകനായും അദ്ധ്യാപകനായും പ്രധാനാധ്യാപകനായും, യൂണിവേഴ്സിറ്റി, ഉന്നത വിദ്യാഭ്യാസ അംഗമായും പ്രവർത്തിച്ചു. 2005 ഫെബ്രുവരി 5 ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ മേല്പ്പട്ട ശുശ്രൂഷ നിയോഗം നൽകി. ഫെബ്രുവരി 19 ന് ജോസഫ് മാർ തോമസ് എന്ന പേരിൽ മെത്രാനായി അഭിഷിക്തനായി.

യുവജനങ്ങളെ കരുതുന്ന ഇടയൻ, രൂപതയുടെ എല്ലാ പ്രവർത്തന മേഖലകളിലും യുവജനങ്ങളുടെ

www.malankaralibrary.com




സാന്നിധ്യം ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും യുവജനങ്ങളെ, കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഇടയൻ.

കേരള കത്തോലിക്കാ സഭയുടെ യുവജനതയെ ആത്മീയവും ഭൗതികവും സാമൂഹികവും സംസ്കാരികവുമായ മേഖലകളിൽ ശക്തമായ നിലപാടുകൾ കൊണ്ടും ആശയങ്ങൾ കൊണ്ടും ചേർത്തു നിർത്തുവാൻ കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാനായിരുന്ന കാലഘട്ടത്തിൽ അഭിവന്ദ്യ പിതാവിന് സാധിച്ചു. കത്തോലിക്കാ സഭയിലെ യുവജനങ്ങളെ സമഭാവനയോടെ നോക്കിക്കണ്ടിരുന്ന ഇടയൻ.

ഒരു സമൂഹത്തിന്റെ വളർച്ചയിൽ യുവജനങ്ങളുടെ പങ്ക് വലുതാണെന്ന് തിരിച്ചറിഞ്ഞ പിതാവിന് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലബാറിന്റെ മണ്ണിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് വിപ്ലവകാരമായ മാറ്റങ്ങൾ കൊണ്ടുവരാൻ പരിശ്രമിച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഈ ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. യുവജനങ്ങളെ വിദ്യാഭ്യാസപരമായി വളർത്തുന്നനോടൊപ്പം തന്നെ ആത്മീയവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ വളർത്തുന്നതിന് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു. സഭക്കുള്ള പ്രതീക്ഷാ സഭയയിലെ യുവജനങ്ങടെ വളർച്ചയിലാണ്. അതിനാലാണ് പ്രതീക്ഷ യൂത്ത് സെന്റർ യുവജങ്ങൾക്കായി നൽകിയത്.

യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മതയോടെ നോക്കിക്കാണുകയും അവസരോചിതമായി നിർദ്ദേശങ്ങളും തിരുത്തലുകളും തന്ന് ഞങ്ങളെ മുന്നോട്ടു നയിക്കുന്ന ഞങ്ങളുടെ ഇടയന് അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവിന് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സപ്തതി ആശംസകൾ....




www.malankaralibrary.com

# പ്രാർത്ഥനയായി, ആവേശമായി,ആരവമായി മലങ്കരയുടെ യുവജന സംഗമ വേദി : ഹെസദ് -2022



**ബിബിൻ എബ്രഹാം**
ജനറൽ സെക്രട്ടറി,
പത്തനംതിട്ട ഭദ്രാസനം

ഹെസദ്-2022 സഭാതല യുവജന സംഗമം 6 വർഷത്തിന് ശേഷം പത്തനംതിട്ട ഭദ്രാസനത്തിലേക്ക് അപ്രതീക്ഷിതമായി എത്തിയപ്പോൾ തെല്ലും ആശങ്കയില്ലാതെ പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങൾ ഇരു കൈയും നീട്ടി ഏറ്റെടുത്ത് അത് വീണ്ടും ഒരു ചരിത്രമാക്കി മാറ്റിയിരിക്കുന്നു. വിശ്വാസ ദീപ്തിയിൽ ഒരു വടവൃക്ഷം പോലെ വളരുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം ഉറങ്ങുന്ന പത്തനംതിട്ടയ്ക്ക് തൊട്ടത് എല്ലാം പൊന്നാക്കിയ ചരിത്രമാണ് ഉള്ളത്. ഹെസദ്-സഭാതല യുവജന സംഗമത്തിന് പുതിയ രൂപവും ഭാവവും സൃഷ്ടിച്ചെടുത്തതും പ്രഥമ ഹെസദ്-യുവജന സംഗമത്തിന് വേദിയായ പത്തനംതിട്ട ഭദ്രസനമാണ്. കാലത്തിന്റെ യവനിക അതിന്റെ യാത്രയിൽ ഈ നൂറ്റാണ്ട് കണ്ടിട്ടില്ലാത്ത പല സാഹചര്യങ്ങളിലൂടെയും കടന്ന് പോയി മനുഷ്യകുലത്തിന് പല ഓർമ്മപ്പെടുത്തലുകളും നൽകിയപ്പോൾ, കഴിഞ്ഞ രണ്ട് വർഷക്കാലം നമ്മുടെ ഇപ്രകാരമുള്ള കൂടിചേരലുകൾക്കും കൂട്ടായ്മകൾക്കും തടസ്സം സൃഷ്ടിച്ചു. കോവിടാനന്തര കാലഘട്ടത്തിൽക്കൂടി അതിജീവനത്തിന്റെ പാതയിൽക്കൂടി ലോകം ആയിരിക്കുമ്പോൾ സഭാതല യുവജന സംഗമത്തിന് പത്തനംതിട്ട ഭദ്രാസനം വേദിയായപ്പോൾ കഴിഞ്ഞ രണ്ട് വർഷക്കാലത്തെ കോവിഡ് ആലസ്യങ്ങൾ ഒന്നും തന്നെ ഹെസദ്-2022 ന്റെ പ്രാർത്ഥനാ ചൈതന്യത്തിന്, വർണ്ണപ്പകിട്ടിന്, ആവേശത്തിന്, ആരവങ്ങൾക്ക് മങ്ങലേൽപ്പിച്ചില്ല.

www.malankaralibrary.com



വിപുലപ്പെടുത്തി. സെപ്റ്റംബർ മാസം 25 ന് സംഗമ വേദിയായ ആനന്ദപ്പള്ളിയിൽ എം.സി.വൈ.എം. സഭാതല സമിതിയുടെ ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് സ്വാഗത സംഘ ഓഫീസ് ഉദ്ഘാടനം ചെയ്തു. ഹെസദിന്റെ ആവേശം ഭദ്രാസനത്തിലെ യൂണിറ്റ് തലത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ-2 യുവജന ഞായറാഴ്ച്ച ഭദ്രാസനത്തിൽ പതാക ദിനമായും ആചരിച്ചു. അന്നേ ദിവസം ഭദ്രാസന സമിതി നൽകിയ എം.സി.വൈ.എം. പതാക എല്ലാ ദൈവാലയങ്ങളിലും ഉയർത്തി. പ്രസ്തുത പതാക ഹെസദ്-2022 യുവജന സംഗമം അവസാനിച്ചതിന് ശേഷമാണ് എല്ലാ യൂണിറ്റുകളിലും താഴ്ത്തിയത്. പതാകയോടൊപ്പം യൂണിറ്റുകൾക്കായി നൽകിയ ഹെസദ്-2022 ന്റെ ലോഗോ എല്ലാ യൂണിറ്റുകളും ദൈവാലയങ്ങളിൽ പ്രതിഷ്ഠിച്ചു.

ദൈവനിവേശിതമായ വിശുദ്ധ ബൈബിളിൽ ഇപ്രകാരം പറയുന്നു 'മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു, അന്തിമമായ വിധി ദൈവത്തിന്റേതത്രേ', ഈ ദൈവവചനത്തിന്റെ ദൃശ്യാവിഷ്കാരമാണ് ഹെസദ്-2022 ന്റെ വേദിയിൽ പ്രകടമായത്. യുവജനങ്ങൾ ഹെസദിനായി പദ്ധതികൾ മെനഞ്ഞു ദൈവം അതിന് നൂറ് മേനി ഫലം നൽകി. കൃത്യതയാർന്ന സംഘടനാ സംവിധാനത്തിന്റെയും കാര്യശേഷിയുള്ള യുവജന സഭാ നേതൃത്വത്തിന്റെയും ഇടപെടലുകളാണ് ഹെസദ്-2022 പ്രഥമ മീറ്റിംഗ് മുതൽ കാണപ്പെട്ടത്. ഓഗസ്റ്റ് മാസം 28-ാം തീയതി ആനന്ദപ്പള്ളി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് പ്രഥമ ആലോചന യോഗം സഭാതല സമിതി പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ സഭാതല - ആതിഥേയത്വ ഭദ്രാസന -വൈദിക ജില്ലാ -യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. പ്രഥമ മീറ്റിംഗിൽ തന്നെ ഹെസദ് -2022 യുവജന സംഗമം ഒരു വൻവിജയമാക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങി. സഭാതല പുനരൈക്യ ആഘോഷങ്ങളുടെ ഭാഗമായി നടന്ന അന്തർദേശിയ യുവജന സമ്മേളന വേദിയിൽ വച്ച് ഹെസദ് തീം സോങ്ങ്, ലോഗോ എന്നിവ പ്രകാശനം ചെയ്തു. ഹെസദ് -2022 മലങ്കരയുടെ മഹാ യുവജന സംഗമത്തിനായി കൗണ്ട് ഡൗൺ എണ്ണി തുടങ്ങിയപ്പോൾ പത്തനംതിട്ട ഭദ്രാസനം ക്രമീകരണങ്ങളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി ഭദ്രാസനത്തിലെ എല്ലാ വൈദിക ജില്ലാ സമിതികളെയും ഉൾപ്പെടുത്തികൊണ്ട് കമ്മിറ്റികൾ

ഹെസദ്-2022 സഭാതല യുവജന സംഗമത്തിന്റെ വരവറിയിച്ചു കൊണ്ട് ഒക്ടോബർ 2-ാം തീയതി ഭദ്രാസന ആസ്ഥാന ദൈവാലയത്തിൽ നിന്ന് സംഗമ വേദിയിലേക്ക് എം.സി.വൈ.എം. പതാകയും വഹിച്ചുകൊണ്ട് വാഹന വിളംബര റാലി നടത്തി. അതിനോടനുബന്ധിച്ച് യുവജനങ്ങളിൽ ആവേശം ഉച്ചസ്ഥായിൽ എത്തിക്കുന്നതിനായി ഫ്ളാഷ് മോബും വിളംബര റാലി കടന്നുപോയ വീഥികളിൽ നടത്തപ്പെട്ടു. വിളംബര റാലി ആനന്ദപ്പള്ളിയിൽ എത്തിച്ചേർന്നപ്പോൾ പന്തളം വൈദിക ജില്ലാ വികാരി വെരി. റവ. ഫാ. കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പ, എം.സി.വൈ.എം. പതാക ഉയർത്തി യുവജന സംഗമത്തിന്



www.malankaralibrary.com



ഔപചാരികമായ തുടക്കം കുറിച്ചു. ഒക്ടോബർ 8–ാം തീയതി അടൂർ ഓൾ സെയ്ന്റ്സ് പബ്ലിക് സ്കൂളിൽ വച്ച് യുവജന മഹാ സംഗമത്തിന്റെ ഭാഗമായി എം. സി.വൈ.എം. അന്തർദേശീയ ക്വിസ് മത്സരം നടത്തപ്പെട്ടു. പ്രസ്തുത ക്വിസ് മത്സരം പത്തനംതിട്ട ഭദ്രാസന മുഖ്യ വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു നെരിയാട്ടിൽ ക്വിസ് മാസ്റ്ററായി നിയന്ത്രിച്ച മത്സരത്തിൽ 11 ഭദ്രാസനങ്ങൾ പങ്കെടുത്തു. മാവേലിക്കര, തിരുവല്ല, പുത്തൂർ ഭദ്രാസനങ്ങൾ ക്വിസ് മത്സരത്തിൽ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. അന്നേ ദിവസം രാത്രി സംഗമ വേദിയിൽ ലൈറ്റ് & മ്യൂസിക്കൽ ഷോ യുവജന സംഗമത്തിന് പങ്കെടുക്കാൻ എത്തിയവർക്കായി നടത്തപ്പെട്ടു.

ഒക്ടോബർ 9 ഞയറാഴ്ച്ച രാവിലെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയോട് കൂടി യുവജന സംഗമം ആരംഭിച്ചു. വിശുദ്ധ കുർബാനയ്ക്ക് സഹകാർമ്മികരായി എം.സി.വൈ.എം. ഭദ്രാസന, വൈദിക ജില്ലാ ഡയറക്ടറച്ചന്മാർ പങ്കെടുത്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം യുവജന സഭയുടെ ഉദ്ബോധനത്തിനായി, വളർച്ചയ്ക്കായി റവ. ഫാ. റോബിൻ തെക്കേതിൽ ക്ലാസ്സ് നയിച്ചു. ക്ലാസ്സിന് ശേഷം നടന്ന ഹെസദ്–2022 യുവജന സംഗമ പൊതുസമ്മേളനം പത്തനംതിട്ട ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി അദ്ധ്യക്ഷത വഹിച്ച പ്രൗഢ ഗംഭീരമായ യുവജന സമ്മേളനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്ത എന്നിവർ അനുഗ്രഹ സന്ദേശം നൽകി. പൊതു സമ്മേളനത്തിന് ശേഷം നടന്ന യുവജന റാലി ആനന്ദപ്പള്ളിയുടെ വീഥികളിൽ യുവജന സഭയുടെ ശക്തി വിളിച്ചറിയിക്കുന്നതായിരുന്നു. യുവജന റാലിയുടെ അവസാനം യുവജന സംഗമ വേദിയിൽ ഉയർത്തിയ എം.സി.വൈ.എം. പതാക താഴ്ത്തി അടുത്ത യുവജന സംഗമത്തിന് വേദിയാകുന്ന മാവേലിക്കര ഭദ്രാസനത്തിന് കൈമാറി കൊണ്ട് ഈ വർഷത്തെ യുവജന സംഗമം ഔപചാരികമായി അവസാനിച്ചു. പ്രാർത്ഥനയായി, ആവേശമായി, ആരവമായി മലങ്കരയുടെ മലങ്കര യുവജന സംഗമ വേദി ഹെസദ് –2022 വീണ്ടും ഒരു ചരിത്രമാക്കാൻ പൊന്നു തമ്പുരാനും, ഒപ്പമായിരുന്ന എല്ലാവർക്കും ഹൃദയത്തിൽ നിന്ന് നന്ദി.......

www.malankaralibrary.com





# ദിശ

**അരിസ്ടോബൻ**
ബത്തേരി ഭദ്രാസനം

ദിശ അറിയുന്ന യുവത്വം
പ്രതീക്ഷകൾ വറ്റാത്ത മനസ്സുമായി
ഓർമ്മച്ചെപ്പിൽ നാടിന്റെ
നൊമ്പരം ചേർത്തുവെച്ച്
പറുദീസ തേടിപ്പോകുന്ന യുവതയെ
'നാടുവിടട്ടോടുന്ന ചെറുപ്പക്കാരെന്ന്'
പേരിട്ട് വിളിക്കുമ്പോൾ
അതിജീവനത്തിന്റെ
കൈയ്പ്പേറിയ പാതകൾ
താണ്ടിക്കടക്കുന്ന നാളുകൾ
സ്വപ്നങ്ങളും, മോഹഭംഗങ്ങളും
ഒരു നിമിഷം ചിറകുകൾ വിരിച്ച്
പ്രത്യാശയുടെ തേരിലേറി
ഒരുക്കുട്ടർ വിജയക്കൊടി പാറിച്ച്
പളാ പളാ മിന്നുന്ന ജീവിതത്തിന്റെ
ആഘോഷത്തിമിർപ്പിൽ ആറാടുമ്പോൾ
ഒരുക്കൂട്ടർ വിയർപ്പിന്റെ ഗന്ധവും
നിസ്സഹായതയും പേറി കണ്ണീരിറ്റ്
പുകഞ്ഞു കത്തുന്ന നെരിപ്പോടായി
തളർന്നു വീഴുന്നു
ദിശയറിയാതെ പോകരുത് നാം
മാനവീകതയുടെ യോദ്ധവായി
കർമ്മത്തിന്റെ വിളക്കായി
ക്രിസ്തുവിൽ സ്നേഹം പകർന്ന്
നടന്നിടേണം മറക്കരുത് നാം
നമ്മിലെ നന്മയും, ധാർമികതയും
ഒപ്പം, അനാഥരായ
നമ്മുടെ മാതാപിതാക്കളേയും




www.malankaralibrary.com

# ഹെസദ് 2022



**നിബിൻ പി സാമുവേൽ**
പ്രസിഡന്റ്,
സീതത്തോട് വൈദിക ജില്ല

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ഹെസദ് 2022 യുവജന സംഗമത്തിന് സാക്ഷിയാകുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. 1500 ൽ പരം യുവജനങ്ങൾ പങ്കെടുത്ത മഹായുവജന സംഗമത്തിൽ മലങ്കര കത്തോലിക്ക സഭയുടെ ഭാവി തലമുറയെ കാണുവാനും അവരോടൊത്ത് സംവദിക്കുവാനും കഴിഞ്ഞു. ഓരോ യുവതി യുവാക്കൾക്കും ഉണർവ് പകരുന്ന വേദിയായി മാറി ഹെസദ്.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പിൻഗാ




മികളാകുവാൻ യുവജനങ്ങളെ പേര് ചൊല്ലി വിളിക്കുന്ന ഒരനുഭൂതിയാണ് അവിടെ ഉണ്ടായത്. ഇന്ന് വിശ്വസത്തിൽ നിന്ന് അകന്നുപോകുന്ന നിരവധി യുവജനങ്ങളെ നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ എം.സി.വൈ.എം. പ്രസ്ഥാനത്തിൽ നിന്നും സഭയിൽ നിന്നും യുവജനങ്ങൾ അകന്നു പോകാതെ നമ്മുടെ സഹോദരി സഹോദരന്മാരെ ചേർത്തുപിടിക്കാൻ നമുക്ക് സാധിക്കുന്നു. അതിനായി യുവജന നേതാക്കൾ പ്രത്യേകം ശ്രദ്ധ പുലർത്തുന്നതും കാണുവാൻ സാധിക്കും.

ആവേശക്കടലായി മാറിയ യുവജനറാലിയിൽ യുവജന സുഹൃത്തുക്കളുടെ ആവേശവും നൃത്തചുവടുകൾ റാലിയെ ആവേശപ്പുളകിതമാക്കി.

www.malankaralibrary.com



വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പോലെ നാളെയുടെ വാഗ്ദാനങ്ങളാകുവാൻ നമ്മൾ ഓരോരുത്തരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇതിലും മനോഹരമായി അടുത്തവർഷം മാർ ഈവാനിയോസ് പിതാവിന്റെ ജന്മസ്ഥലമായ മാവേലിക്കരയുടെ മണ്ണിൽ 2023 ൽ ഹെസദിന് വേദി ഒരുങ്ങട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാലികമായ വിഷയങ്ങളെ അവലോകനം ചെയ്യുമ്പോൾ നിരവധി പ്രതിസന്ധികളും പ്രതികൂലമായ സമീപനങ്ങളും ഒക്കെ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുണ്ടാവുന്നുണ്ട്. വ്യക്തികളുടെ മനോഭാവത്തിൽ ഉണ്ടായ വ്യത്യാസവും അതേപോലെതന്നെ സമൂഹത്തിന്റെ കാഴ്ചപ്പാടുകളിലുള്ള വ്യത്യാസവും മനുഷ്യനെ മനുഷ്യനായി കാണുവാൻ സാധിക്കാതെ മൃഗതുല്യമായിട്ട് കാണുകയും അല്ലെങ്കിൽ മനുഷ്യൻ മനുഷ്യത്വം വിട്ട ഒരു മൃഗത്തിന് തുല്യമായിട്ടൊക്കെ മാറുന്ന നിരവധി കാര്യങ്ങൾ ഇന്നത്തെ ചുറ്റുപാടുകളിൽ നിന്ന് നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. അത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ യുവജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തുവാൻ ഹെസദ് യുവജന സംഗമത്തിന്, എം.സി.വൈ.എം. പ്രസ്ഥാനത്തിന് സാധിക്കുന്നു എന്നത് രുചിച്ചറിയുവാൻ എനിക്ക് സാധിച്ചു. അത്തരത്തിൽ ഒരു മെച്ചപ്പെട്ട തലമുറയായി സമൂഹത്തിന് ക്രിയാത്മകമായി കാണുവാനും അനീതികളും അനാചാരങ്ങളും സമൂഹത്തിൽ നിന്നും തുടച്ചുമാറ്റി ശക്തമായി പോരാടുവാനും നമ്മുടെ കൂട്ടായ്മകൾ തീർച്ചയായും ഉപകാരപ്പെടുന്നു എന്നതും ഇവിടെ നിന്ന് മനസ്സിലാക്കാൻ സാധിച്ചു.



www.malankaralibrary.com



# സഭാതലസമിതി

### മിഷൻ ദിനാഘോഷം



സഭ ഒന്നാകെ ഒക്ടോബർ 23 ഞായറാഴ്ച ദിവസം മിഷൻ ദിനമായി ആചരിച്ചുവല്ലോ. മിഷൻ ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സഭാതല ഡയറക്ടറുടെ നേതൃത്വത്തിൽ ഡൽഹി- ഗുഡ് ഗാവ് ഭദ്രാസനത്തിലെ ഒഡീഷ മിഷൻ മേഖല സന്ദർശിക്കുകയും അവിടുത്തെ യുവജന ശുശ്രൂഷകൾക്കും പ്രവർത്തനങ്ങൾക്കുമായിട്ട് സഭാതല സമിതിയുടെ നേതൃത്വത്തിൽ സാമ്പത്തിക സഹായം സഭാതല സമിതി ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത് എം. സി.വൈ.എം. ഒഡീഷ മേഖലാ ഡയറക്ടർ ഫാ. ജോസ് മുണ്ടപ്ലാവിള, ഫാ. അജി താന്നിമൂട്ടിൽ എന്നിവർക്ക് കൈമാറി. സഭാതല സിൻഡിക്കേറ്റ് സിറിൽ തോമസ് സന്നിഹിതനായിരുന്നു.

### യുവജന സഭയുടെ ആദരവ്..





സപ്തതി ആഘോഷിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനെയും ശ്രേഷ്ഠ ആചാര്യത്വത്തിന്റെ രജത ജൂബിലിയും പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെയും സഭാതല സമിതിയുടെ നേതൃത്വത്തിൽ ഹെസദ് 2022 വേദിയിൽ വച്ച് ആദരിച്ചു.

### അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന് യുവജന സഭയുടെ ആദരവ്



യുവജന കമ്മീഷൻ ചെയർമാൻ സ്ഥാനമൊഴിയുന്ന അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന് യുവജന സഭ സ്നേഹസമ്മാനം നൽകി.



ഭദ്രാസന-ജില്ലാ ഡയറക്ടർമാർ ഒന്നുചേർന്ന് അഭിവന്ദ്യ പിതാവിന് കാപ്പ നൽകുകയും പിതാവ് കപ്പാ അണിഞ്ഞു യുവജനങ്ങൾക്ക് വേണ്ടി പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. യുവജന സമ്മേളനത്തിൽ വച്ച് മുൻകാല ഡയറക്ടറച്ചൻമാരും യുവജന നേതാക്കന്മാരും ഒന്ന് ചേർന്ന് അഭിവന്ദ്യ പിതാവിന് മെമെന്റോ നൽകി ആദരിച്ചു.

### പുസ്തകം പ്രകാശനം

ഹെസദ് 2022 വേദിയിൽ വച്ച് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് എഴുതിയ

www.malankaralibrary.com





"Wings Of Youngs" എന്ന പുസ്തകം പ്രകാശനം ചെയ്തു.

അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പുസ്തകം പ്രകാശനം ചെയ്ത് അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിന് നൽകി.

### അന്തർദേശിയ ക്വിസ്മത്സരം



എം.സി.വൈ.എം സഭാതല സമിതിയുടെ നേതൃത്വത്തിൽ ഹെസദ് 2022 നോട് ചേർന്ന് അന്തർ ദേശിയ ക്വിസ് മത്സരം സംഘടിപ്പിക്കപ്പെട്ടു. ഒക്ടോബർ എട്ടാം തീയതി വൈകുന്നേരം 6 മണി മുതൽ അടൂർ ഓൾ സെയ്ന്റ്സ് പബ്ലിക് സ്കൂളിൽ വച്ച് നടന്ന അന്തർദേശീയ ക്വിസ് മത്സരം പത്തനംതിട്ട ഭദ്രാസന വികാരി ജനറാൾ വന്ദ്യ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു.

10 ഭദ്രാസനങ്ങളിൽ നിന്നായി മത്സരാർത്ഥികൾ അന്തർദേശീയ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. ക്വിസ് മത്സരത്തിന് നേതൃത്വം നൽകിയത് ഫാ. മാത്യു നെരിയാട്ടിലും ഫാ. രതീഷും ചേർന്നാണ്.

### അന്തർദേശിയ ക്വിസ്മത്സരം 2022. വിജയികൾ

ഒന്നാം സ്ഥാനം - മാവേലിക്കര ഭദ്രാസനം





രണ്ടാം സ്ഥാനം - തിരുവല്ല അതിഭദ്രാസനം

മൂന്നാം സ്ഥാനം - പുത്തൂർ ഭദ്രാസനം

വിജയികൾക്ക് എവർറോളിങ് ട്രോഫിയും മൊമെന്റോയും ക്യാഷ് പ്രൈസും അഭിവന്ദ്യ പിതാക്കൻമാർ നൽകി.

### സഭാതല യുവജന ദിനാഘോഷം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ സഭാതല യുവജന ദിനാഘോഷം ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ



www.malankaralibrary.com





ആനന്ദപ്പള്ളി ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

യുവജന ദിനാഘോഷം പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കുകയും മറ്റ് വൈദികർ സഹ കാർമ്മികരാകുകയും ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്ത എന്നിവർ അനുഗ്രഹസന്ദേശം നൽകി.



സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തി അഞ്ഞൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. യുവജന സെമിനാർ, പ്രൗഢഗംഭീരമായ യുവജന റാലി എന്നിവയും നടത്തപ്പെട്ടു.

അന്തർദേശീയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മാവേലിക്കര ഭദ്രാസനത്തിനും രണ്ടാം സ്ഥാനം നേടിയ തിരുവല്ല അതിഭദ്രാസനത്തിനും മൂന്നാം സ്ഥാനം നേടിയ പുത്തൂർ ഭദ്രാസനത്തിനും ട്രോഫികൾ കൈമാറി.

സഭാതല ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ്, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ്. എം. തോമസ്, പ്രശസ്ത സിനിമ സംവിധായകൻ അഭിജിത് ജോസഫ്, സിസ്റ്റർ ദിവ്യ ഡി.എം., ഫാ. മാത്യു പേഴും കൂട്ടത്തിൽ, ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ സംസാരിച്ചു.



## ഹെസദ് 2023 മാവേലിക്കരയുടെ മണ്ണിൽ



ഹെസദ് 2022 ന് ഔദ്യോഗികമായി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് എം.സി.വൈ.എം. പതാക താഴ്ത്തുകയും 2023 സഭാതല യുവജന ദിനാഘോഷത്തിന് ആതിഥേയത്വം വഹിക്കുന്ന മാവേലിക്കര ഭദ്രാസന സമിതി ഭാരവാഹികൾക്ക് ഔദ്യോഗികമായി പതാക അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവും അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും ചേർന്ന് കൈമാറി.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം യുവജനമാസം

ജപമാലമാസത്തോടും യുവജന ദിനത്തോടുമനുബന്ധിച്ച് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന യുവജന കുടുംബത്തിൽ ഒക്ടോബർ 1 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും പ്രാർത്ഥനാ കൂട്ടായ്മകളുമായി ഒരു മാസം നീണ്ടുനിൽക്കുന്ന തരത്തിൽ യുവ

# വാർത്തകൾ



ജനമാസം H. O. P. E (Hours Of Prayer &Embrace) ആഘോഷിച്ചു.

H. O. P. E (Hours Of Prayer & Embrace) ന്റെ ഔദ്യോഗികമായ ഉദ്ഘാടനം അന്തർദേശീയ യുവജന ദിനാഘോഷത്തിൽ വച്ച് മുൻ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് നിർവഹിച്ചു.

തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി നാല് ദിനങ്ങളിൽ വിവിധ ഇടങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഓൺലൈൻ ജപമാലയ്ക്കും നേതൃത്വം നൽകി. പോത്തൻകോട് കരുണാലയത്തിൽ അമ്മമാർക്ക് സാധനങ്ങൾ എത്തിച്ചു നൽകുകയും, പട്ടം സ്നേഹവിരുന്ന് ശാലയിൽ ഉച്ചഭക്ഷണത്തിനുള്ള തുക എത്തിച്ചു നൽകുകയും ബ്ലഡ് ഡൊണേഷൻ ക്യാമ്പയിൻ നടത്തുകയും നെടുമങ്ങാട് തൃപ്പാദം അഗതി മന്ദിരത്തിൽ വൈകുന്നേരം ഭക്ഷണം നൽകുകയും ചെയ്തു. നാലു ദിവസങ്ങളിൽ ഓൺലൈൻ പ്രാർത്ഥന കൂട്ടായ്മയ്ക്കും എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി നേതൃത്വം നൽകി. മറ്റ് ദിനങ്ങളിൽ 9 വൈദിക ജില്ലകൾ നേരിട്ടും, യൂണിറ്റുകളുടെ സഹകരണത്തിലും ഓരോ മൂന്നു ദിവസങ്ങളിലായി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മൂന്ന് ദിനം ഓൺലൈൻ പ്രാർത്ഥന കൂട്ടായ്മകൾക്കും വൈദിക ജില്ലകൾ നേതൃത്വം നൽകി.

## ദീപശിഖ പ്രയാണം



കേരള സഭാനവീകരണ വർഷത്തോടനുബന്ധിച്ചു എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 31-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിൽ നിന്നും കൊച്ചി പി.ഒ.സിയിലെ കേരള കത്തോലിക്കാ സഭ ആസ്ഥാനത്തേക്ക് ദീപശിഖ പ്രയാണം നടത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാനും യുവജന കമ്മീഷൻ ചെയർമാനുമായിരിക്കുന്ന അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളി കാർപ്പസ് എപ്പിസ്കോപ്പാ ഉത്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. വർക്കി ആറ്റുപുറത്തച്ചൻ, പട്ടം കത്തീഡ്രൽ വികാരി ബഹു. ജോർജ് തോമസ് അച്ചൻ, എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ അരുൺ ഏറത്ത് അച്ചൻ, എം. സി. വൈ.എം. തിരുവനന്തപുരം വൈദിക ജില്ല ഡയറക്ടർ ബഹു. ജോൺ കുറ്റിയിലച്ചൻ എന്നിവരും സന്നിഹിതരായിരുന്നു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. ദീപശിഖ പ്രയാണത്തിന് നേതൃത്വം നൽകി. എം.സി.വൈ.എം. മേജർ അതിഭദ്രാസന സെക്രട്ടറി, മേജർ അതിഭദ്രാസന ഭാരവാഹികൾ, വൈദിക ജില്ലാ ആനിമേറ്റർ സിസ്റ്റർ, വൈദിക ജില്ല പ്രസിഡന്റ്, സെക്രട്ടറി മറ്റ് യുവജന പ്രതിനിധികൾ എന്നിവർ ദീപശിഖ പ്രയാണ യാത്രയിൽ പങ്കെടുത്തു.

www.malankaralibrary.com



## പത്തനംതിട്ട ഭദ്രാസനം

### യുവോത്സവം -2022



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളുടെ സർഗോത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവോത്സവം-2022 ഭദ്രാസനതല കലാമത്സരങ്ങൾ ഒക്ടോബർ 24 തിങ്കളാഴ്ച്ച മൈലപ്ര മൗണ്ട് ബഥനി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിലെ അഞ്ച് വൈദിക ജില്ലകളിൽ നിന്ന് ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മത്സരാർത്ഥികളാണ് ഭദ്രാസനതല മത്സരത്തിൽ പങ്കെടുത്തത്. യുവോത്സവം-2022 ന് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഭദ്രദീപം കൊളുത്തി ഉദ്ഘടാനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ചു. മൂന്ന് വേദികളിലായി നടന്ന മത്സരത്തിൽ ഏകദേശം മുന്നൂറോളം മത്സരാർത്ഥികൾ വിവിധ മത്സരയിനങ്ങളിൽ പങ്കെടുത്തു. ഈ വർഷത്തെ തൂലിക-2022 രചനാ മത്സരങ്ങളിൽ, കോന്നി വൈദിക ജില്ല ഒന്നാം സ്ഥാനവും പത്തനംതിട്ട വൈദിക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യുവോത്സവം-2022 കലാമത്സരത്തിൽ കോന്നി വൈദിക ജില്ലാ ഒന്നാം സ്ഥാനവും പന്തളം വൈദിക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഈ വർഷത്തെ ഓവറോൾ ചാമ്പ്യന്മാരായി കോന്നി വൈദിക ജില്ലയും രണ്ടാം സ്ഥാനക്കാരായി പത്തനംതിട്ട വൈദിക ജില്ലയും മൂന്നാം സ്ഥാനക്കാരായി പന്തളം വൈദിക ജില്ലയും തെരഞ്ഞെടുക്കപ്പെട്ടു. വൈകുന്നേരം നടന്ന സമാപന സമ്മേളനം പത്തനംതിട്ട ഭദ്രാസന മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളന വേദിയിൽ വച്ച് സമ്മാന വിതരണവും നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ ഹൃദ്യ SIC, ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ട്രഷറർ ലിജോ ഫിലിപ്പ്, മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### വാഹന വിളംബര റാലി



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈഎം. ന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാളിന്റെ ഭാഗമായി നടത്തപ്പെടുന്ന സഭാതല യുവജന ദിനാഘോഷത്തിന്റെ വരവ് അറിയിച്ചുകൊണ്ട് എം.സി.വൈ.എം. പതാകയും വഹിച്ചുകൊണ്ട് വാഹന വിളംബര റാലി നടത്തി.

പ്രസ്തുത സംഗമത്തിന്റെ ആവേശം വാനോളം ഉയർത്തി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്ന വാഹന വിളംബര റാലി പത്തനംതിട്ട ഭദ്രാസന മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഫ്ളാഗ് ഓഫ് ചെയ്തു. വിളംബര റാലി ആനന്ദപ്പള്ളി ദൈവാലയത്തിൽ എത്തിയപ്പോൾ പന്തളം വൈദിക ജില്ലാ വികാരി വെരി. റവ. ഫാ. ഡാനിയേൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പ എം.സി.വൈ.എം. പതാക ഉയർത്തി. സഭാതല ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത്, എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, റവ. ഫാ. മാത്യു പേഴുംകൂട്ടത്തിൽ, അജോഷ് എം. തോമസ്, സുബിൻ തോമസ്, ബിബിൻ എബ്രഹാം, ലിജോ ഫിലിപ്പ് എന്നിവർ വാഹന വിളംബര റാലിക്ക് നേതൃത്വം നൽകി. പ്രസ്തുത വാഹന വിളംബര റാലിയോട് ചേർന്ന് ഫ്ളാഷ് മോബും സംഘടിപ്പിച്ചു.

www.malankaralibrary.com



## ഹെസദ്-2022 സഭാതല യുവജന ദിനാഘോഷം




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ സഭാതല യുവജന ദിനാഘോഷം ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആനന്ദപ്പള്ളി ദൈവാലയത്തിൽ വച്ച് നടത്തി.

യുവജന ദിനാഘോഷം പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും മറ്റ് വൈദികർ സഹകാർമ്മികരാകുകയും ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്ത എന്നിവർ അനുഗ്രഹസന്ദേശം നൽകി.

സഭാതല പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തി അഞ്ഞൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. യുവജന സെമിനാർ, പ്രൗഢ ഗംഭീരമായ യുവജന റാലി എന്നിവയും നടത്തപ്പെട്ടു.

അന്തർദേശീയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മാവേലിക്കര ഭദ്രാസനത്തിനും രണ്ടാം സ്ഥാനം നേടിയ തിരുവല്ല അതിഭദ്രാസനത്തിനും മൂന്നാം സ്ഥാനം നേടിയ പുത്തൂർ ഭദ്രാസനത്തിനും ട്രോഫികൾ കൈമാറി.

സഭാതല ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ്, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ്. എം. തോമസ്, പ്രശസ്ത സിനിമ സംവിധായകൻ അഭിജിത് ജോസഫ്, സിസ്റ്റർ ദിവ്യ ഡി.എം., ഫാ. മാത്യു പേഴും കൂട്ടത്തിൽ,ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ സംസാരിച്ചു.

### യുവജന ദിനാഘോഷം

എം.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാളിന്റെ ഭാഗമായി ഒക്ടോബറിലെ ആദ്യ ഞായറാഴ്ച യുവജന ദിനമായി മലങ്കര സുറിയാനി കത്തോലിക്ക സഭ ആചരിക്കുന്നതിനോടനുബന്ധിച്ച് പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ഒക്ടോബർ 2 ഞായറാഴ്ച യുവജന ദിനാഘോഷം വിപുലമായ പരിപാടികളുമായി നടത്തി. ഹെസദ്-2022 സഭാതല യുവജന ദിനാഘോഷം നമ്മുടെ ഭദ്രാസനം ആതിഥേയത്വം അരുളുന്നതിനാൽ അന്നേദിവസം പത്തനംതിട്ട ഭദ്രാസനത്തിൽ യൂണിറ്റ് തലത്തിൽ പതാക ദിനമായും ആചരിച്ചു. യുവജന ദിനത്തിന്റെ ഭാഗമായി ഇടവകകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കാഴ്ചയർപ്പണം, എം.സി.വൈ.എം. യൂണിറ്റ് മീറ്റിംഗ്, ആത്മീയ പ്രവർത്തനങ്ങൾ, സാമൂഹിക പ്രസക്തിയുള്ള പരിപാടികൾ, കാരുണ്യ പ്രവർത്തികൾ എന്നിവ സംഘടിപ്പിച്ചു.

## മാവേലിക്കര ഭദ്രാസനം

### ഭദ്രാസന കലോത്സവം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന കലോത്സവം 'വേദി 2022' ഒക്ടോബർ 24 ന് എം.സി.വൈ.എം. മാവേലിക്കര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ കല്ലുമല, മാർ ഈവാനിയോസ് കോളേജിൽ വച്ച് നടത്തി. രാവിലെ 9.30 ന് സിസ്റ്റർ ആനിമേറ്റർ സജീവ എസ്.ഐ.സി., എം.സി.വൈ.എം. പതാക ഉയർത്തി. ഭദ്രാസന കലോത്സവം 'വേദി 2022' എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുപുറത്തിന്റെയും ഭദ്രാസന സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ മാവേലിക്കര ഭദ്രാസന വികാരി ജനറാൾ വന്ദ്യ യൂഹാനോൻ പുത്തൻവീട്ടിൽ റമ്പാൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. യോഗത്തിന് ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അദ്ധ്യക്ഷത വഹിക്കുകയും ജനറൽ സെക്രട്ടറി രഞ്ചു ആർ. സ്വാഗതം ആശംസിക്കുകയും ചെയ്തു.

ആറ് വൈദിക ജില്ലകൾ ഒപ്പത്തിന് ഒപ്പം

www.malankaralibrary.com





പോരാടിയ കലയുടെ മാമാങ്കം. 3 വേദികളിലായി ഇരുന്നൂറോളം മത്സരാർത്ഥികൾ പങ്കെടുത്തു. എട്ട് വ്യക്തിഗത അഞ്ച് സംഘയിന പോരാട്ടത്തിനൊടുവിൽ 149 പോയിന്റോടു കൂടി മാവേലിക്കര വൈദിക ജില്ല ഓവറോൾ ഒന്നാം സ്ഥാനവും 117 പോയിന്റോടു കൂടി കറ്റാനം, കടമ്പനാട് വൈദിക ജില്ലകൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 91 പോയിന്റോടുകൂടി മൂന്നാം സ്ഥാനം കൊല്ലം വൈദിക ജില്ലയും കരസ്ഥമാക്കി.


കലാപ്രതിഭയായി കറ്റാനം വൈദിക ജില്ലയിലെ ജസ്റ്റിൻ ജോസഫിനെയും കലാതിലകമായി മാവേലിക്കര വൈദിക ജില്ലയിലെ സ്റ്റെഫി റോസ് ബാബുവിനെയും തെരഞ്ഞെടുത്തു.

മാവേലിക്കര വൈദിക ജില്ല വികാരി റൈറ്റ്. റവ. ജോർജ്ജ് ചരുവിള കോർ എപ്പിസ്കോപ്പ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു.

സേവറിയോസ് അച്ചന്റെ നിറവാർന്ന ഗാനാലാപനം 'വേദി 2022' നെ ആവേശത്തിലാഴ്ത്തി. ഭദ്രാസന ട്രഷറർ കിച്ചു തോമസ് നന്ദിയർപ്പിച്ചു.

## ഡിജിറ്റൽ ത്രൈമാസിക

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ഡിജിറ്റൽ ത്രൈമാസിക 'യുവദീപ്തി' 2022 ഒക്ടോബർ 2 ന് പെരിങ്ങനാട്, സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവലായത്തിൽ വച്ച് ഭദ്രാസന സമിതി അംഗങ്ങളുടെ സാന്നിധ്യത്തിൽ ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് പ്രകാശനം ചെയ്തു.






## യുവജന ദിനാഘോഷം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ യുവജന ദിനാഘോഷം ഒക്ടോബർ 2 ഞായറാഴ്ച പെരിങ്ങനാട് യൂണിറ്റിനോട് ചേർന്ന് നടത്തി.

പെരിങ്ങനാട് യൂണിറ്റ് ആനിമേറ്റർ റവ. സി. അനിഷാ എസ്.സി.വി., എം.സി.വൈ.എം. പതാക ഉയർത്തി, എം.സി.വൈ.എം. ഭദ്രാസന ട്രഷറർ ശ്രീ. കിച്ചു തോമസ് എം.സി.വൈ.എം. പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകളുംപുറത്ത് യുവജനങ്ങൾക്കായി വി. കുർബാന അർപ്പിച്ചു. തുടർന്ന് പൊതുസമ്മേളനം നടത്തി.

www.malankaralibrary.com





## മൂവാറ്റുപുഴ ഭദ്രാസനം

### ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ് 2K22



മുവാറ്റുപുഴ ഭദ്രാസനത്തിലെ അകാലത്തിൽ കൊഴിഞ്ഞുപോയ പ്രിയ വൈദികൻ ഫ്രാൻസിസ് പുതുപറമ്പിലിന്റെ ഓർമകളെ അനുസ്മരിച്ചുകൊണ്ട് എല്ലാ വർഷവും നടത്തി വരുന്ന ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ്, അച്ചന്റെ ഇടവക ദൈവാലയമായ ചിറക്കൽപ്പടി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. ഭദ്രാസന പ്രസിഡന്റ് സിബി തോമസ് അധ്യക്ഷനായ ചടങ്ങിൽ, കരിമ്പ മേഖല വികാരി ഫാ. ഐസക് കോച്ചേരി ഉദ്ഘാടന കർമം നിർവഹിച്ചു. എം.സി.വൈ.എം. മുവാറ്റുപുഴ ഭദ്രാസന ഡയറക്ടർ ഫാ. കുര്യക്കോസ് കറുത്തേടത്ത്, ജനറൽ സെക്രട്ടറി ആൽബിൻ ജോയ്, എം.സി.വൈ.എം. മുവാറ്റുപുഴ ഭദ്രാസന അസി. ഡയറക്ടർ ഫാ. ആൽബിൻ കുടിലിൽ, എം.സി.വൈ.എം. കരിമ്പ മേഖല ഡയറക്ടർ ഫാ. സാജു മുട്ടത്താൻ, എം.സി.വൈ.എം. ചിറക്കൽപ്പടി യൂണിറ്റ് ഡയറക്ടർ ഫാ. ക്ലീറ്റസ് കിഴക്കൂടൻ, എം.സി.വൈ.എം. ഭദ്രാസന ട്രഷറർ ജിന്റോ പി. ജോൺ എന്നിവർ സംസാരിക്കുകയും ചെയ്തു. എം.സി.വൈ.എം. സഭാതല ട്രഷറർ ജോബിൻ ഡേവിഡിന്റെ നേതൃത്വത്തിൽ നടന്ന മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ പീച്ചി, പിറവം, കരിമ്പ മേഖലകൾ കരസ്ഥമാക്കി.

### കൊയ്നോണിയ് 2K22

മൂവാറ്റുപുഴ ഭദ്രാസന എം.സി.വൈ.എം. യുവജനദിനാഘോഷം കൊയ്നോണിയ 2K22 പീച്ചി മേഖലയുടെ ആതിഥേയത്വത്തിൽ ചുവന്നമണ്ണ് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ. സിബി തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മുവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. യുഹാനോൻ മാർ തിയോഡോഷ്യസ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി മുഖ്യാതിഥിയായിരുന്നു. ലഹരിവസ്തു ഉപയോഗങ്ങളുടെ ദൂഷ്യവശങ്ങളെപ്പറ്റിയും സമകാലിക വിഷയങ്ങളെപ്പറ്റിയും സംസാരിച്ചു. ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുടിലിൽ ആമുഖപ്രഭാഷണം നടത്തി. പീച്ചി മേഖല വികാരി റവ. ഫാ. വിൽസൺ വേലിക്കകത്ത്, എം.സി.വൈ.എം. പീച്ചി മേഖല ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്, പീച്ചി മേഖല പ്രസിഡന്റ് റോണി പി. കെ., എം.സി.വൈ.എം. ചുവന്നമണ്ണ് യൂണിറ്റ് പ്രസിഡന്റ് അജസ് കെ. ഷാജി എന്നിവർ ആശംസ പ്രസംഗം നടത്തി. ഭദ്രാസനത്തിലെ വിവിധ മേഖലകളിൽ കഴിവുകൾ തെളിയിച്ച ജിജിൻ കെ. ആർ., ബിനി തോമസ്, ബ്ലെസി കുഞ്ഞുമോൻ, ഐവിൻ ചാർളി എന്നിവരെ അഭിവന്ദ്യ പിതാവ് മെമെന്റോ നൽകി ആദരിച്ചു. തുടർന്ന് ജീസസ് യൂത്ത് തൃശ്ശൂർ സോണിന്റെ നേതൃത്വത്തിൽ മ്യൂസിക്കൽ റിട്രീറ്റ് നടത്തി.

www.malankaralibrary.com





### കുവൈറ്റ്

### സ്മാഷ് – ബാഡ്മിന്റൺ ടൂർണമെന്റ്

എം.സി.വൈ.എം കുവൈറ്റിന്റെ നേതൃത്വത്തിൽ സ്മാഷ് ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജോൺ തുണ്ടിയത്ത് ടൂർണമെന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഹമ്മദി ഐ സ്മാഷ് അക്കാദമിയിൽ വച്ചു നടന്ന മത്സരങ്ങൾക്ക് എം.സി.വൈ.എം. പ്രസിഡന്റ് ശ്രീ. നോബിൻ ഫിലിപ്പ്, ടൂർണമെന്റ് മാനേജർ ശ്രീ. റിജോ വി. ജോർജ്ജ്, ടൂർണമെന്റ് കൺവീനർ ശ്രീ. ബിറ്റു എബ്രഹാം, ടൂർണമെന്റ് ഓർഗനൈസർ ശ്രീ. ജുബി ജോർജ്ജ്, എം.സി.വൈ.എം. സെക്രട്ടറി ശ്രീ. ജയിംസ് കെ. എസ്, എം.സി.വൈ.എം. ട്രഷറർ ശ്രീ. ഫിനോ മാത്യു പാട്രിക് എന്നിവർ നേതൃത്വം നല്കി.



ഇന്റർ – കെ.എം.ആർ.എം., ഇന്റർമീഡിയറ്റ്, ലോവർ ഇന്റർമീഡിയറ്റ്, അഡ്വാൻസ്, പ്രൊഫഷണൽ കാറ്റഗറികളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ഇന്ത്യ, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, മലേഷ്യ, ഇൻഡോനേഷ്യ, കുവൈറ്റ്, ഈജിപ്റ്റ് എന്നിങ്ങനെ വിവിധ രാജ്യങ്ങളിൽ നിന്നും പങ്കെടുത്ത 140 ടീമുകളിൽ നിന്നും 280 കളിക്കാർ ടൂർണമെന്റിൽ മാറ്റുരച്ചു.

വിജയികൾക്ക് റവ. ഫാ. ജോൺ തുണ്ടിയത്ത്, കെ.എം.ആർ.എം.–എം.സി.വൈ.എം. ഭാരവാഹികൾ തുടങ്ങിയവർ സമ്മാനങ്ങൾ വിതരണംചെയ്തു.

## Eparchy of Marthandam

### Youth Movement Day

Diocesan Youth Movement Day was celebrated on 02-10-2022 at 02:00 PM in Kollancode district, at St. Mary's Malankara Catholic Church, Pinkulam. It was very well conducted under the chair of His Excellency Most Rev. Vincent Mar Paulos on the central theme of “Together as Youth”. Msgr. Fr. Jose Bright, Central Secretariat Treasurer Jobin, were the special dignitaries of the day. Diocesan Director Fr. John Alfred, assistant Director Fr. Wilfin Viju, Sister Angel Therese DM, Sr. Flower John, Central Secretariat Vice president Harshlin, Diocese President Jose Milton, Diocesan Executive Committee Members and all youths participated. The function also included felicitation of young farmers and

www.malankaralibrary.com



director fathers and animators sisters. Prizes were distributed for the writing competitions held at the diocese level. The festival was ended on a grand note with cultural performances of the youths.



### Quiz Competition

The Malankara Sabha level quiz competition was held in Pathanamthitta Diocese at Anandapalli Parish. 10 diocese's youths participated in this competition. The youth of our diocese also participated in this with interest and took the fourth place and brought pride to our diocese. We appreciate and congratulate them. “Youth participated in the competition and took fourth place “Belongs to Themanoor unit. They are Alisha, Agina and Adlin Priya.

## Eparchy of Puttur

### Yuvajanotsav 2022



Karnataka Regional Youth Commission conducted 'Yuvajanotsav 2022', a mega Youth Convention event from Oct 22-25 at Christ School, Bangalore hosted by Mandya diocese where all the catholic dioceses of Karnataka have involved. MCYM Puttur diocese, being part of KRYC, has actively participated in the program me in all its means.



On 22nd, Puttur diocesan youths have performed a cultural dance based on the theme of Tulu folk and culture. It was a semi-folk fusion dance where it stood different and special in the event.

On 23rd, an Animation had been per-

formed by Puttur youths at the stage event. On the theme 'Jesus is hope and saviour', youths have executed a mime-drama along with the Animation where it got a reach.



On 24th, Holy Mass in Malankara Rite in Kannada was celebrated by Bishop of Puttur His Excellency Most. Rev. Geeva rghese Mar Makarios as the Main celebrant along with three other diocesan fathers. Taking part in the choir and altar, youths involved in the mass in devotion.

In the award night event, two of our nominees have been awarded for their great achievement in their arenas. Ms. Reshma PY of Kallugudde unit and Mr. Charles K C of Ichilampady unit were the awardees.






Around 60 youths, Diocesan Director Fr. Rino John, Bangalore Regional Director Fr. Thomas Kallolickal, Diocesan Sr. Animator Sr. Virginia DSS, Lay Animator Mr. Rahul Lawrence, Sr. Anjali SIC have took part in the programme from Puttur diocese.

Puttur youths have made a notable mark in the programme.



www.malankaralibrary.com